**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 842** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മുക്കം കുറ്റിപ്പാലയിലെ കേരള ഹൗസിംഗ് ബോർഡ് ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. കാസിം

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മുക്കം മുൻസിപ്പാലിറ്റിയിലേയും സമീപ പഞ്ചായത്തുകളിലേയും 44 കുടുംബങ്ങൾക്ക് വേണ്ടി മുക്കം കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് 5.45 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിലെ മുക്കത്ത് ബോർഡു നടപ്പിലാക്കിയിട്ടുള്ള രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിലെ 47 സെന്റ് ഭൂമിയിൽ ദുർബല വിഭാഗക്കാർക്കായി രണ്ടു A ബ്ലോക്കുകളും രണ്ടു B ബ്ലോക്കുകളുമുള്ള 36 യൂണിറ്റുകൾ അടങ്ങുന്ന കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഇ.ഡബ്ല്യു.എസ്/എൽ.ഐ.ജി ഭവന പദ്ധതിയുടെ ഭാഗമായി 5,45,00,000/- രൂപയുടെ (അഞ്ച് കോടി നാല്പത്തഞ്ച് ലക്ഷം രൂപ) ഭരണാനുമതി നൽകിയിരുന്നു.

സിവിൽ പ്രവൃത്തികൾ നാളിതുവരെ 78% പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായിട്ടുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് അർഹതപെട്ടവർക്ക് ഫ്ലാറ്റ് എപ്പോൾ കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ആദ്യ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതു മൂലം കരാർ 18-06-2025-ൽ റദ്ദാക്കിയിരുന്നു. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കി വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനായി വീണ്ടും ടെണ്ടർ ചെയ്ത് പുതിയ കരാറുകാരനെ തിരഞ്ഞെടുത്ത് കരാർ ഒപ്പുവയ്ക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**